ഓഫീസർമാർക്കും 20,000 രൂപ കരുതൽ ധനമായി അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയ്ക്കടുത്ത് രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തെ തുടർന്ന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് അടിയന്തര ചികിത്സാ ചെലവുകൾ ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തന്നെ പിതാവ് തിളച്ച എണ്ണ ഒഴിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച കുട്ടിക്ക് അടിയന്തര ചികിത്സാ സഹായമായി 99,703 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സാമൂഹ്യ മിഷന്റെ വിവിധ പദ്ധതികൾ

387 (1831) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു ; ആയതുപ്രകാരം നാളിതുവരെ എന്ത് തുക ചെലവഴിച്ചു ;

(ബി) ഈ നടപ്പുവർഷം ആശ്വാസകിരണം പദ്ധതിക്ക് എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(സി) കാൻസർ സുരക്ഷ പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഡി) താലോലം പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് ഈ നടപ്പുവർഷം എത്രതുക ചെലവഴിച്ചു ; എത്രപർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു

(എഫ്) സ്നേഹപൂർവ്വം പദ്ധതിക്ക് ഈ നടപ്പുവർഷം എത്രതുക ചെലവഴിച്ചു, എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ജി) വയോമിത്രം പദ്ധതിക്ക് ഈ നടപ്പുവർഷം എത്രതുക ചെലവഴിച്ചു, എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു, സ്നേഹസ്പർശം പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു, എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ?

<u>ഉത്തരം</u>

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും 31-10-2014 വരെ ചെലവഴിച്ച തുകയുടെയും പദ്ധതി തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ പേര്	ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക	31-10-2014 വരെ ചെലവഴിച്ച തുക
ആശ്വാസകിരണം	2300 ലക്ഷം	2468.99 ലക്ഷം
സ്നേഹസ്പർശം	150 ലക്ഷം	144.42 ലക്ഷം
സ്നേഹസാന്ത്വനം(എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള പ്രത്യേക പാക്കേജ്)	900 ലക്ഷം	455.39 ലക്ഷം
താലോലം പദ്ധതി	700 ലക്ഷം	507 ലക്ഷം
ക്യാൻസർ സുരക്ഷ	700 ലക്ഷം	340 ലക്ഷം
വയോമിത്രം പദ്ധതി	700 ലക്ഷം	426.72 ലക്ഷം
വിശപ്പുരഹിത നഗരം പദ്ധതി	180 ലക്ഷം	178.6 ലക്ഷം
ശ്രുതിതരംഗം പദ്ധതി	1000 ലക്ഷം	409.17 ലക്ഷം
സ്നേഹപൂർവ്വം പദ്ധതി	700 ലക്ഷം	704.78 ലക്ഷം
വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പ്	100 ലക്ഷം	18.63 ലക്ഷം
സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി	200 ലക്ഷം	69.76 ലക്ഷം
മോഡൽ പാരാപ്ലീജിക് സെന്റർ	50 ലക്ഷം	ഇല്ല
ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ	50 ലക്ഷം	ഇല്ല
സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സെൻസസ്	500 ലക്ഷം	0.19 ലക്ഷം
സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ്	4000 ലക്ഷം	100.70 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു വർഷം ആശ്വാസകിരണം പദ്ധതി ചെലവുകൾക്കായി 31-10-2014 വരെ 2468.99 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 60135 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ആവശ്യമായി വന്ന തുക മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചു

(സി) നടപ്പു വർഷം ക്യാൻസർ സുരക്ഷാ പദ്ധതി ചെലവുകൾക്കായി 31-10-2014 വരെ 340 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം പുതുതായി രജിസ്റ്റർ ചെയ്ത 193 കുട്ടികൾക്കും നേരത്തേ രജിസ്റ്റർ ചെയ്ത ചികിത്സ നേടി വരുന്ന 3696 കുട്ടികൾക്കും ചികിത്സാ സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) നടപ്പു വർഷം താലോലം പദ്ധതി ചെലവുകൾക്ക് 31-10-2014 വരെ 507 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം പുതുതായി രജിസ്റ്റർ ചെയ്ത 458 കുട്ടികൾക്കും മുൻവർഷം രജിസ്റ്റർ ചെയ്തിട്ടുള്ള 8417 കുട്ടികൾക്കും സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് നടപ്പുവർഷം 31-10-2014 വരെ 409.17 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷം 69 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി.

(എഫ്) സ്നേഹപൂർവ്വം പദ്ധതിക്ക് നടപ്പു വർഷം 31-10-2014 വരെ 704.78 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 21726 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്.

(ജി) വയോമിത്രം പദ്ധതിക്ക് നടപ്പു വർഷം 31.10.2014 വരെ 426.72 ലക്ഷം രൂപ ചെലവഴിച്ചു. 109000 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്. സ്നേഹസ്പർശം പദ്ധതിക്ക് നടപ്പു വർഷം 31.10.2014 വരെ 144.42 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 1817 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

സമഗ്ര പോഷകാഹാര പദ്ധതി

388 (1832) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly